പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1392 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |

**ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ; | എ) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരവും, അനുബന്ധചട്ടങ്ങളും അനുസരിച്ച് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്ന ഭക്ഷ്യ സംഭരണ വിതരണ – വിൽപ്പന കേന്ദ്രങ്ങളിൽ പരാതികളുടെയും റിപ്പോർട്ടുകളുടെയും പ്രത്യേക നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാഉദ്യോഗസ്ഥരും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരം പ്രത്യേക സ്ക്വാഡുകളും പരിശോധന നടത്തുകയും ഇത്തരം ഭക്ഷ്യപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| ബി) | പാക്കറ്റുകളിൽ വരുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം എങ്ങിനെയാണ് പരിശോധിക്ക | ബി) | പാക്കറ്റുകളിൽ വരുന്ന ഭക്ഷ്യവസ്തുക്കളുടെ ഫോർമൽ സാമ്പിളുകളും, ഇൻഫോർമൽ സാമ്പിളുകളും ശേഖരിച്ച് അവ ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറി |

| | | | |
|---|---|---|---|
| | ന്നത്എന്ന് വ്യക്തമാക്കുമോ; | | കളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതും, ആരോഗ്യത്തിന് ഹാനികരവുമായ ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുസരിച്ചുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നവർക്കെതിരെ കേസ്സുകൾ എടുക്കുകയും ഗുണനിലവാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിൽക്കുന്നവർക്കെതിരെ പരമാവധി 5 ലക്ഷം രൂപ പിഴ ഈടാക്കുകയും, ലേബലുകളിൽ കൃത്രിമം കാണിച്ച് ഭക്ഷ്യസാധനങ്ങൾ വിറ്റു കഴിഞ്ഞാൽ പരമാവധി 3 ലക്ഷം രൂപ പിഴ ഈടാക്കുന്നതുമാണ്.ജീവഹാനി സംഭവിക്കുന്ന രീതിയിൽ മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ വിറ്റാൽ ജീവപര്യന്തം തടവും 10 ലക്ഷം രൂപ പിഴയും ഈടാക്കുന്നതാണ്. |
| സി) | കറിപൗഡറുകളിൽ അടക്കമുള്ള മായം ചേർക്കൽ കണ്ടെത്തി 2014-15, 2015-16 വർഷങ്ങളിൽ വകുപ്പ് കൈക്കൊണ്ട ശിക്ഷാ നടപടികൾ അറിയിക്കുമോ? | സി) | സംസ്ഥാനത്ത് വില്പനനടത്തുന്ന കറിപൗഡറുകളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാവകുപ്പ് 2014-15 വർഷത്തിൽ 196 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 1,05,000 രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2015-16 വർഷത്തിൽ 134 കേസ്സുകൾ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ